കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേപ്പാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി4-10/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല
തീയതി. 04.01.2019
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ
.
.
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേപ്പാട് ഗ്രാമ പഞ്ചായത്ത്
.
.
സർ,

വിഷയം : ചേപ്പാട് ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3എന്നിവകളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി4-10/19 തിയതി: 04.01.2019

## ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 20.06.2017 മുതൽ 31.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.11.2018 മുതൽ<br>30.11.2018 വരെ | ശ്രീ. വി. കെ. രഞ്ജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ. ജയകൃഷ്ണ. ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ.<br>ശ്രീമതി. പ്രീത, ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. രാധാ രാമചന്ദ്രൻ. | 01.4.2017 മുതൽ 31.3.18വരെ. |

2) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി. ബിന്ദു സുരേന്ദ്രൻ. | 01.4.2017 മുതൽ 31.3.18വരെ. |
| 2 | വികസനകാര്യം. | ശ്രീമതി. ബിന്ദു രാജേന്ദ്രൻ. | 01.4.2017 മുതൽ 31.3.18വരെ. |
| 3 | ക്ഷേമകാര്യം. | ശ്രീ. എം. കെ. ശ്രീനിവാസൻ. | 01.4.2017 മുതൽ 31.3.18വരെ. |
| 4 | ധനകാര്യം. | ശ്രീ. കെ. രഘു. | 01.4.2017 മുതൽ 31.3.18വരെ. |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ. ഉല്ലാസ് കുമാർ.റ്റി. | 01.4.2017മുതൽ 24.05.17വരെ. |
| | 26.06.17 മുതൽ 15.07.17വരെ. |
| | 18.09.17 മുതൽ 31.3.18വരെ. |
| ശ്രീമതി.ലതിക.ജെ. (സെക്രട്ടറി ഇൻ ചാർജ്) | 25.5.17 മുതൽ 08.6.17FNവരെ. |
| ശ്രീമതി.സുജാത, ഹെഡ്ക്ലാർക്ക് (സെക്രട്ടറി ഇൻ ചാർജ്) | 08.6.17 AN മുതൽ 19.06.17FNവരെ. |
| ശ്രീ.രാധാകൃഷ്ണൻനായർ, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്) | 19.06.17 AN മുതൽ 25.6.17വരെ. |
| | 17.07.17 മുതൽ 16.9.17വരെ. |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. മായാ ഗോപാലകൃഷ്ണൻ. | 01.04.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ. രേഖാ സാഗർ | 01.04.2017 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശ്രീദേവി. എൽ. | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. ഷമീർ സിദ്ദിഖ്. | 01.04.2017മുതൽ 06.05.2017വരെ |
| | 07.05.2017 -17.05.2017 (ഒഴിവ്) | |
| | ഡോ.ആരതിരാജ്. | 18.05.2017 മുതൽ 12.07.2017വരെ |
| | 13.07.2017 -26.07.2017 (ഒഴിവ്) | |
| | ഡോ. ശ്യാരി പ്രീയ. വി. | 27.07.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ. മനോജ്.എസ്. | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രമ്യ. ഡി. തിലകൻ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ. | ശ്രീ. അപ്പൻ. വി. ആർ. | 01.04.2017 മുതൽ 31.03.2018വരെ |
| ഹെഡ് മിസ്ട്രസ്സ്, ജി. എൽ.പി. എസ്, ചേപ്പാട്. | ശ്രീമതി. ജയ. ഡി. | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. അനിൽകുമാർ. കെ.<br>ശ്രീ. അഷറഫ് ഖാൻ | 01.04.2017 മുതൽ 13.10.2017 വരെ<br>14.10.2017 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ഐശ്വര്യ. ആർ. കെ. | 04.04.2017 മുതൽ 17.10.2017വരെ |
| | ശ്രീമതി. റസിയാ ബീവി. എം. | 18.10.17 മുതൽ 02.02.18വരെ |
| | ശ്രീ. ഗിരീഷ്. എസ് | 03.02.18 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി. | ശ്രീമതി. ലതിക. ജെ. | 01.04.2017 മുതൽ 08.06.2017 AN വരെ |
| | 09.06.2017 -15.06.2017(ഒഴിവ്) | |
| | ശ്രീ. രാധാകൃഷ്ണൻനായർ, അസി.സെക്രട്ടറി. | 16.06.2017AN മുതൽ 31.03.2018വരെ |

ഉള്ളടക്കം.

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | ഇ-ടെണ്ടർ ഫീസ് : കണക്കില്ല,വരവ് വെക്കുന്നില്ല. |
| 3 | 2-2 | വസ്തുനികുതി പിരിവിൽ വീഴ്ച – 17.74ലക്ഷം കുടിശ്ശിക . |
| 4 | 2-3 | തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. |
| 5 | 2-4 | ഡി & ഒ ലൈസൻസ് അപാകതകൾ |
| 6 | 2-5 | സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല. |
| 7 | 2-6 | ആശ്രയ അക്കൗണ്ട്:പലിശയില്ല,നീക്കിയിരിപ്പിൽ മറ്റ് ഫണ്ടുകളും. |
| ഭാഗം – 3 | | |
| 8 | 3-1 | സർക്കാർ ഫണ്ട് 1.16 കോടി നഷ്ടപ്പെടുത്തി. |
| 9 | 3-2 | നെൽകൃഷിക്ക് കൂലിചെലവ് : മാർഗ്ഗരേഖ ലംഘിച്ച് സബ്സിഡി |
| 10 | 3-3. | ഏറ്റെടുത്തതിൽ മൂന്നിലൊന്ന് പ്രോജക്ടും നടപ്പാക്കിയില്ല-പ്രോജക്ടുകളുടെ ആവിഷ്കരണവും, നിർവ്വഹണം കാര്യക്ഷമമാക്കണം |
| 11 | 3-4 | പൗരാവകാശ രേഖ തയ്യാറാക്കപ്പെട്ടില്ല, ചട്ട ലംഘനം |
| 12 | 3-5 | തെരുവ് വിളക്കുകളുടെ കണക്കുകൾ-പരിശോധനയ്ക്കാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു. |
| 13 | 3-6 | ഫർണ്ണീച്ചർ വാങ്ങൽ- ടെണ്ടർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നിർവ്വഹിച്ചു, |

| | | |
|---|---|---|
| | | നടപടികൾ ലംഘിച്ച്, തുക തടസ്സപ്പെടുത്തുന്നു |
| 14 | 3-7. | ഓട്ടോറിക്ഷാ വാങ്ങൽ - പദ്ധതി നടപ്പായതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല - ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. |
| 15 | 3-8. | വിവാഹധനസഹായം:- അർഹമായതിലും അധികം തുക നൽകി. |
| 16 | 3-9. | വാട്ടർ ടാപ്പുകളുടെ എണ്ണം- സംയുക്തപരിശോധന നടത്തിയിട്ടില്ല:- |
| 17 | 3-10. | വാഹന അറ്റകുറ്റപ്പണിക്ക് ചെലവഴിച്ച തുകയ്ക്ക് ഇൻഷ്വറൻസ് ക്ലെയിം ചെയ്തില്ല. |
| 18 | 3-11. | ലോഗ്ബുക്കിലെ അപാകതകൾ. |
| 19 | 3-12. | താത്ക്കാലിക ജീവനക്കാരുടെ നിയമനം - സർക്കാർ നിർദ്ദേശം പാലിച്ചില്ല. |
| 20 | 3-14. | വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. |
| 21 | 3-15 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് പ്രോജക്ടിൽ ഉൾപ്പെടുത്താതെ പ്രോജക്റ്റ് നിർവ്വഹിച്ചു |
| 22 | 3-16 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം. |
| ഭാഗം – 4 | | |
| 23 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | അനുബന്ധം -I | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 25 | അനുബന്ധം-II | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.17 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

കേരളാപഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 175 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയും വിവിധ മേഖലകളിലെ ഉദ്യോഗസ്ഥരും നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ തയ്യാറാക്കുന്ന വികസന രേഖകൾ കണക്കിലെടുത്ത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ജനവരി പതിനഞ്ചിന് മുൻപ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശം മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. ആയതിന്റെയും വിവരങ്ങൾ മിനുട്സിൽ ഇല്ല.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 18,34,15,457/- | 18,18,20,000/- |
| വാർഷിക കണക്ക് പ്രകാരം | 5,41,90,052/- | 4,98,18,805/- |

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ

ഉൾപ്പെട്ടിട്ടില്ലാത്ത ഇ.എഫ്.എം.എസ് വഴിയുള്ള തൊഴിലുറപ്പ് വേതനം, ഡി.ബി.റ്റി മുഖേന നല്കിയ ക്ഷേമ പെൻഷനുകൾ എന്നിവയുടെ വരവ് ചെലവ് തുക കൂടി പരിഗണിച്ചാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 15.05.2018. | 09.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ.എസ്.എ-എൽപി-ജിഎ4-1126(17)/18തീയതി30.07.18 പ്രകാരം വാർഷിക ധനകാര്യ പത്രികാ പരിശോധന റിപ്പോർട്ടും സർട്ടിഫിക്കറ്റും പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 20433253.85 |
| വരവ് | 5,41,90,052 |
| ആകെ | 74623305.85 |
| ചെലവ് | 49818805 |
| നീക്കിയിരിപ്പ് | 24804500.85 |

## 1-5 ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)

| ഫണ്ടിനം. | ഒ.ബി. | വരവ്. | ആകെ. | ചെലവ്. | നീക്കിയിരിപ്പ്. |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 11400309 | 11400309 | 7668466 | 3731843 |
| എസ്.സി. പി | - | 6262173 | 6262173 | 3283438 | 2978735 |
| ടി.എസ്.പി | - | - | - | - | - |
| സി.എഫ്.സി | - | 5261680 | 5261680 | 5070678 | 191002 |
| കെ.എൽ.ജി.എസ്.ഡി.പി | - | 2487594 | 2487594 | 2324162 | 163432 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 6875000 | 6875000 | 5062597 | 1812403 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | - | 3121418 | 3121418 | 2160548 | 960870 |

| | | | | | |
|---|---|---|---|---|---|
| എൻ.ആർ. ഇ. ജി. എസ് | 110675.85 | 834285 | 944960.85 | 772678 | 172282 |
| ബി.ഫണ്ട് | | 272400 | 272400 | 272400 | |
| ദുരിതാശ്വാസഫണ്ട്. | 19046 | 40,000 | 59046 | 41500 | 17546 |
| ട്രഷറി-റ്റിഎസ്ബി ജോയിന്റ് വെൻച്വർ. | | 1850250 | 1850250 | 1850250 | |
| ട്രഷറി-റ്റിഎസ്ബി (ജനറൽപർപ്പസ്) | 11570347 | 7251000 | 18821347 | 8437559 | 10383788 |
| കറന്റ് അക്കൗണ്ട്. | - | 15909 | 15909 | - | 15909 |
| തനത് ഫണ്ട്. | 6873814 | 16991136 | 23864950 | 12870113 | 10994837 |
| ക്യാഷ് (തനത്ഫണ്ട്.) | 56385 | | | | 54846 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം. | 1802986 | 1386092 | 3189078 | 23786 | 3165292 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 150 | 56161458 | 91 | 30669071 | 16 | 43 | 61 |

## 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 110675.85 | 834285 | 944960.85 | 772678 | 172282 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 28723380 | 28723380 | 28723380 | - |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 92400 | 131 |
| കർഷകതൊഴിലാളി പെൻഷൻ | 10029700 | 870 |
| വിധവാപെൻഷൻ | 7897300 | 662 |
| വാർദ്ധക്യകാലപെൻഷൻ | 16285100 | 1239 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 2611500 | 221 |
| അവിവാഹിതപെൻഷൻ | 444800 | 38 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 1,80,000 | 06 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.18ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29425/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി.)

ഗ്രാമപഞ്ചായത്തിൽ പൊതുവെ ഭേദപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിൽക്കുന്നുണ്ട്. എന്നാൽ തനത് വരവ് മാനേജ്മെന്റിൽ കാര്യക്ഷമത കൂട്ടേണ്ടതുണ്ട്. ഓൺലൈൻ സ്രോതസ്സിൽ നിന്ന് ഒരു വിരൽ സ്പർശത്തിൽ ലഭിക്കുന്ന ഇ-ടെണ്ടർ ഫീസിന്റെ കണക്ക് സൂക്ഷിക്കുന്നില്ലെന്നത് തനത് വരവ് പരിപാലനത്തിലെ വീഴ്ചയാണ്. വസ്തു നികുതി ലക്ഷങ്ങളുടെ കുടിശ്ശിക പിരിച്ച് എടുക്കാനുണ്ടെന്നതും ആഭ്യന്തര നിയന്ത്രണത്തിൽ ക്രിയാത്മകമായ ഉടച്ച് വാർക്കൽ അത്യാവശ്യമാണെന്ന് ഓർമ്മിപ്പിക്കുന്നു. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയുടെ പരിപാലനത്തിലും വീഴ്ചകളുണ്ട്. ഇതും പരിഹരിക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.10.18 | 09/18 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.17 മുതൽ 05.04.17 വരെ. | 2011-12 മുതൽ 2015-16 വരെ. | 24.05.2017. |

## 1-12 വാർഷികകണക്കിലെ അപാകതകൾ.

കെ.എസ്.എ-എൽപി-ജിഎ4-1126(17)/18, തീയതി : 30.07.18 ആയി പുറപ്പെടുവിച്ച വാർഷിക ധനകാര്യ പത്രിക പരിശോധന റിപ്പോർട്ടിലെ ചുവടെ ചേർക്കുന്നതൊഴിച്ച് മറ്റ് അപാകതകൾ പരിഹരിച്ചിട്ടുണ്ട്.

1. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ സൂചിപ്പിച്ചിട്ടുള്ള ആസ്തികളുടെ കൃത്യത ഉറപ്പാക്കാൻ സാധ്യമല്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ ഫീസ് : കണക്കില്ല,വരവ് വെക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് വരവായ ഇ-ടെണ്ടർ ഫീസിന്റെ കണക്ക് സൂക്ഷിക്കുന്നില്ല.

5 ലക്ഷം രൂപയിൽ അധികം അടങ്കലുള്ള അസി.എഞ്ചിനിയറുടെ പ്രോജക്ടുകളാണ് ഇ-ടെണ്ടർ ചെയ്യുന്നത്. ഇ- ടെണ്ടർ നടപടിയുടെ ഭാഗമായി ടെണ്ടർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. ഇങ്ങനെ നിക്ഷേപിക്കുന്ന ടെണ്ടർ ഫീസ് ആ സാമ്പത്തിക വർഷം തന്നെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് വരവ് വെക്കുന്നില്ല.

ടെണ്ടർ ഫീസിന്റെ കണക്ക് അസി. എഞ്ചിനിയറോ, സെക്രട്ടറിയോ സൂക്ഷിക്കുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിഗണിച്ചിട്ടേയില്ല. തനത് വരവിനത്തെ കുറിച്ച് കണക്കില്ലെന്നത് വീഴ്ചയാണ്. അതിനാൽ മുൻ വർഷങ്ങളിലേതുൾപ്പെടെ ഈ സാമ്പത്തിക വർഷത്തേയും ഇ-ടെണ്ടർ ഫീസിന്റെ കൃത്യമായ കണക്കും തനത്

ഫണ്ടിൽ വരവ് വെച്ച തുകയുടെ കണക്കും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

അസി. എഞ്ചിനിയറുടെ ചെലവ് പത്രിക അനുസരിച്ച് 17-18ൽ മാത്രം 5ലക്ഷത്തിലധികം അടങ്കലുള്ള 12പ്രോജക്ടുകൾ നടപ്പാക്കിയതായി കണുന്നു. എന്നാൽ ഇവയുടെ ഇ-ടെണ്ടർ ഫീസ് വരവ് എത്രയെന്ന് കണക്കില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണ (6/22.11.2018)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-2 വസ്തുനികുതി പിരിവിൽ വീഴ്ച – 17.74ലക്ഷം കുടിശ്ശിക .

2017-18 വർഷത്തെ വസ്തുനികുതിയിനത്തിൽ 17.74 ലക്ഷം രൂപ കുടിശ്ശിക നിലനിൽക്കുന്നു. (കറണ്ട് കുടിശ്ശിക 490352/- രൂപ, അരിയർ കുടിശ്ശിക 1284610.2 രൂപ) പഞ്ചായത്തിന്റെ പ്രധാന തനതു വരുമാനമായ വസ്തുനികുതിയിനത്തിൽ ഇത്രയേറെ കുടിശ്ശിക വരാനുണ്ടായ സാഹചര്യം ഗൗരവമായിക്കണ്ട് കുടിശ്ശിക മുഴുവൻ പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കാനാവശ്യമായ സത്വര നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

1. പഞ്ചായത്ത് പരിധിയിൽ 2കള്ളുഷാപ്പുകളും, 5റേഷൻ കടകളും പ്രവർത്തിക്കുന്നതിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ലന്നാണ് ഓഡിറ്റ് എൻക്വയറി നം-17ന് സെക്രട്ടറി മറുപടി നല്കിയിട്ടുള്ളത്. 14 വാർഡുകൾ ഉള്ള പഞ്ചായത്തിൽ 2 കള്ളുഷാപ്പുകളും, 5 റേഷൻ കടകളും മാത്രമേ പ്രവർത്തിക്കുന്നുള്ളു എന്ന മറുപടി പുനഃപരിശോധിച്ച്, കൂടുതൽ എണ്ണം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ തുടർനടപടി സ്വീകരിക്കേണ്ടതും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
2. കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

   ടെണ്ടർ രജിസ്റ്റർ പ്രകാരം ടെണ്ടർ അംഗീകരിച്ച കരാറുകാരായ അനിൽ കുമാർ, റ്റി. വിജയൻ, കെ. ബാലകൃഷ്ണൻ, മനോജ് കുമാർ, ശാന്തിലാൽ. റ്റി. എൻ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച കരാറുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
3. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

   പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന ചുവടെ ചേർക്കുന്ന സ്ഥാപനത്തിന്റെ സ്ഥാപന/തൊഴിൽ നികുതി ഈടാക്കിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | എച്ച്.ഡി.എഫ്.സി. ബാങ്ക്, ചേപ്പാട് | I & II |

തൊഴിൽ നികുതി കൃത്യമായും കാര്യക്ഷമമായും പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 ഡി & ഒ ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ട്യൂട്ടോറിയൽ കോളേജ് രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു

   ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 3 ട്യൂട്ടോറിയൽ കോളേജ് പ്രവർത്തിക്കുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ലായെന്ന് കാണുന്നു. 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 ൽ ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ യാതൊരു

ട്യൂട്ടോറിയൽ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യാതെ ട്യൂട്ടോറിയൽ കോളേജുകൾ പ്രവർത്തിക്കുന്നത് ചട്ടലംഘനമായതിനാൽ, ഈ സ്ഥാപനങ്ങൾ അടിയന്തിരമായി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ മേൽനോട്ടവും നിർദ്ദേശവുമുണ്ടായിരി ക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ, റേഷൻ കടകൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല (ഓഡിറ്റ് എൻക്വയറി നം.17ന് സെക്രട്ടറി നൽകിയ മറുപടിയിൽ നിന്നുമുള്ള വിവരങ്ങൾ)

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകളും, റേഷൻ കടകളും അവയുടെ ലൈസൻസും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി നൽകിയ മറുപടി പ്രകാരം 2കള്ളുഷാപ്പുകളും, 5റേഷൻ കടകളും പ്രവർത്തിക്കുന്നുണ്ടെന്നും അവയൊന്നും ലൈസൻസ് എടുത്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. തൻവർഷം ലൈസൻസ് എടുക്കാതെ നിയമവിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ള സ്ഥാപനങ്ങൾ ക്കെതിരെ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 2-5 സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല.

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി. ഒ.(ആർ.ടി) 2422/2007/പൊ.വി.വ./1.8.2007 പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺഎയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു എൽ.എസ്.ജി.ഡി. എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനു 1000/- രൂപയാണ് ഫീസ്. ടി പഞ്ചായത്തിലെ സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് സംബന്ധിച്ച നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. സർക്കാർ/ എയ്ഡഡ്/ അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് 12.09.2011-ലെ 42448/ഇ.ഡബ്ല്യു3/2011/തസ്വഭവ, നമ്പർ സർക്കുലർ പ്രകാരം സർക്കാർ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീ-പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കാൻ പാടില്ലെന്നും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

മേൽ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കേണ്ടതും ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് 30.12.2016-ലെ 792455/ഇ.ഡബ്ല്യു3/2016/തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയിലെ അംഗങ്ങൾ ഉറപ്പാക്കേണ്ടതാണ്.

## 2-6 ആശ്രയ അക്കൗണ്ട്:പലിശയില്ല,നീക്കിയിരിപ്പിൽ മറ്റ് ഫണ്ടുകളും.

ഗ്രാമപഞ്ചായത്തിന്റെ അഗതി ആശ്രയ പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിന് മൂന്ന് വർഷമായി പലിശ ലഭിക്കുന്നില്ല.ഈ വർഷങ്ങളിൽ അക്കൗണ്ടിൽ തുടർച്ചയായി 13 ലക്ഷത്തിലധികം രൂപ നീക്കിയിരിപ്പ് ഉണ്ടായിരുന്നു.

വലിയകുഴി സർവീസ് സഹകരണ ബാങ്കിലെ 2685 സേവിംഗ്സ് ബാങ്ക് അക്കൗണ്ടിനാണ് 31.3.15ന് ശേഷം പലിശ ലഭിക്കാത്തത്. 2015-16, 2016-17, 2017-18 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങളിലേയും തുടർന്ന് ഓഡിറ്റ് തീയതി വരെയും പലിശ ലഭിച്ചിട്ടില്ല. 13ലക്ഷം രൂപക്ക് 4% സാധാരണ പലിശ കണക്കാക്കിയാൽ തന്നെ രണ്ട് ലക്ഷത്തിലധികം രൂപയുടെ പലിശ നഷ്ടം സംഭവിച്ചിട്ടുണ്ട്. സമയത്ത് അക്കൗണ്ടിൽ പലിശ വരവ് വെക്കാത്തതിനാൽ ആ പലിശയ്ക്ക് പലിശ ലഭിക്കാനുള്ള സാധ്യതയും ഇല്ലാതായി.

5.10.18ൽ അക്കൗണ്ടിലെ നീക്കിയിരിപ്പ് 1193956/- രൂപയാണ്. ഈ നീക്കിയിരിപ്പിന്റെ ഘട്ടങ്ങൾ വിശദീകരിക്കാൻ ഓഡിറ്റിൽ ആവശ്യപ്പെട്ടിരുന്നു. ഇതിന് സി.ഡി.എസ്. മെമ്പർ സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ മുൻവർഷങ്ങളിൽ നല്കിയതിൽ ചെലവഴിച്ചതിൽ ബാക്കിയായ ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ട് 494500/- രൂപയും ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ട് 128000/- രൂപയും ഉൾപ്പെടെ 448500/- രൂപ മറ്റ് ഫണ്ടുകൾ നിക്ഷേപമായിരിക്കുന്നതായി വിശദീകരിച്ചു.

വികസന ഫണ്ടുപോലെയുള്ള മറ്റ് ഫണ്ടുകൾ ആശ്രയ അക്കൗണ്ടിൽ നിക്ഷേപമാക്കിയിരിക്കുന്നത് ശരിയല്ല. ഇവ നല്കിയ സ്ഥാപനങ്ങൾക്ക് തിരികെ നല്കി ബന്ധപ്പെട്ട ട്രഷറി ശീർഷകത്തിൽ തിരികെ ഒടുക്കി ചെല്ലാൻ ഹാജരാക്കേണ്ടതാണ്.

അക്കൗണ്ടിലെ ഇടപാടുകൾ കൈപ്പടയിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ലക്ഷങ്ങളുടെ നീക്കിയിരിപ്പുള്ള അക്കൗണ്ട് കമ്പ്യൂട്ടർവത്കരിക്കാത്ത ബാങ്കിൽ നിലനിർത്തിയിക്കുന്നത് ഇടപാടുകളുടെ കൃത്യതയെ ബാധിക്കാം. ലഭിക്കുവാനുള്ള പലിശ കണക്കാക്കി വാങ്ങി അക്കൗണ്ട് ദേശസാൽകൃത ബാങ്കിലേക്ക് മാറ്റുന്നത് പരിഗണിക്കാവുന്നതാണ്.

ആശ്രയ അക്കൗണ്ടിന് മൂന്ന് വർഷമായി പലിശ ലഭിക്കാത്തതും നീക്കിയിരിപ്പിൽ മറ്റ് ഫണ്ടുകൾ നിഷ്ക്രിയമായി കിടക്കുന്നതും ക്ഷേമകാര്യ, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികളുടേയും ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടേയും ശ്രദ്ധയിൽ പെട്ടതിന് മിനിറ്റ്സ് രേഖകളിൽ സൂചനയില്ല. ആശ്രയ പദ്ധതിയും സി.ഡി.എസിന്റെ പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും നിരിക്ഷിക്കുന്നില്ലെന്നത് ഇതിൽ നിന്നും വ്യക്തമാകുന്നു. ഇതിന് മാറ്റം വരുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സർക്കാർ ഫണ്ട്:1.16 കോടി നഷ്ടപ്പെടുത്തി.

ഗ്രാമ പഞ്ചായത്തിന്റെ വികസനത്തിന് 2017-18ൽ സർക്കാർ നല്കിയ വിവിധ ഫണ്ടുകളിൽ 11515558/- രൂപ ചെലവഴിക്കാതെ നഷ്ടപ്പെടുത്തി. ഇത് 2017-18ൽ ആകെ ലഭിച്ച സർക്കാർ ധനസഹായത്തിന്റെ 33% വരും.

വിവരണം (എസിആർ വിവരങ്ങൾ അടിസ്ഥാനമാക്കി. ബ്രാക്കറ്റിൽ ആകെ ലഭിച്ച തുക) താഴെ

| | | |
|---|---|---|
| 1. വികസന ഫണ്ട് ജനറൽ | 3731843 | (11400309) |
| 2. വികസന ഫണ്ട് എസ് സി പി | 2978735 | (6262173) |
| 3. സി എഫ് സി | 191002 | (5261680) |
| 4. കെഎൽജിഎസ്ഡിപി(കേന്ദ്രം) | 44743 | (1779994) |
| 5. കെഎൽജിഎസ്ഡിപി(സംസ്ഥാനം) | 118689 | (707600) |
| 6. സംരക്ഷണ ഗ്രാന്റ്(റോഡ്) | 3489676 | (6875000) |
| 7. സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 960870 | (3121418) |
| ആകെ | 11515558 | 35408174 |

പദ്ധതി ആസൂത്രണ നിർവഹണ പ്രക്രിയ കാര്യക്ഷമമാക്കി വരും വർഷങ്ങളിൽ ഈ വീഴ്ച ഒഴിവാക്കേണ്ടതാണ്.വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

### 3-2 നെൽകൃഷിക്ക് കൂലിചെലവ് : മാർഗ്ഗരേഖ ലംഘിച്ച് സബ്സിഡി

കൃഷി ഓഫീസർ നടപ്പാക്കിയ സമഗ്രനെൽകൃഷി പദ്ധതി (പ്രോജക്ട് 41/18)യിൽ സബ്സിഡി മാർഗരേഖ ലംഘിച്ച് കൂലിചെലവ് നല്കി.

22 ഗുണഭോക്താക്കൾക്ക് 67212/- രൂപയാണ് അധികം നല്കിയത്. 13-ാം പദ്ധതിയുടെ ആദ്യ വർഷമായ 2017-18ൽ സബ്സിഡി മാർഗ്ഗരേഖ (ജി.ഒ (എം.എസ്) 80/17 തസ്വഭവ, 3.4.17, ഖണ്ഡിക 8.1-5) അനുസരിച്ച് നെൽകൃഷിക്ക് ചെറുകിട/നാമമാത്ര കർഷകർക്ക് നല്കാവുന്ന കൂലിചെലവ് സബ്സിഡി കൂടിയ പരിധി 30000/- രൂപയാണ്. മാർഗ്ഗരേഖയിലെ ഈ പരിധി ലംഘിച്ചാണ് വികസന ഫണ്ടിൽ നിന്ന് സബ്സിഡി അധികം നല്കിയത്.

പരിധി ലംഘിച്ച് സബ്സിഡി കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരും അധികം കൈപ്പറ്റിയ തുകയും താഴെ പട്ടികയിൽ വിശദീകരിച്ചിരിക്കുന്നു.

| ഗുണഭോക്താവ് | അധികം നല്കിയ സബ്സിഡി |
|---|---|
| 1. സോമൻ. കെ | 1280 |
| 2. മനേഷ് കുമാർ. എസ്. | 3320 |
| 3. ഓമന. സി | 3320 |
| 4. പി. സി. വർഗീസ് | 3320 |
| 5. സിനിമോൾ. എസ് | 3320 |
| 6. കരുണാകരൻ. കെ | 260 |
| 7. പ്രസന്നൻ പിള്ള. കെ | 2640 |
| 8. ഗിരിജ കുമാരി. എ. കെ | 4000 |
| 9. നിത്യശ്രീ. ജി | 4000 |
| 10. വിനോദ്. ആർ | 3320 |
| 11. ജെ. ലഷ്മണൻ പിള്ള | 2640 |
| 12. സോമനാഥൻ | 2300 |
| 13. രമാദേവി | 600 |
| 14. എം. കെ. വേണുകുമാർ | 600 |
| 15. മധു. ഡി | 600 |
| 16. മോഹനൻ നായർ. ടി. എൻ | 600 |
| 17. കരുണാവതി. കെ | 3320 |
| 18. കാർത്തികേയൻ നായർ. കെ. ആർ | 600 |
| 19. പദ്മകുമാരി | 3660 |

| | |
|---|---|
| 20. സുജാത ജഗന്നാഥൻ | 2980 |
| 21. സുരേഷ് എസ് | 3660 |
| 22. ഭാനുകുട്ടൻ | 3660 |
| 23. കെ സോമൻ | 3592 |
| 24. രശ്മി ആർ | 2980 |
| 25. പ്രസീത ആർ | 3320 |
| 26. വിജയമ്മ കെ | 3320 |
| ആകെ | 67212 |

*__അധിക വിവരങ്ങൾ:__*

1. സംയുക്ത പ്രോജക്ടായാണ് കൂലിചെലവ് നല്കിയത്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ തുല്യമായി വകയിരുത്തി ചെലവഴിച്ചു. ആകെ ചെലവ് 2176000/- രൂപ.
2. ഗ്രാമപഞ്ചായത്ത് വിഹിതം -ചെലവ് വിവരം

    ബിൽ KBCPD-12/17-18,28.2.18-484704 രൂ

    (91569/28.2.18)

    ബിൽ KBCPD-13/17-18,28.2.18-222190 രൂ

    (92549/28.2.18)

    ബിൽ KBCPD-15/17-18,22.3.18-381106രൂ

    1213799/19.3.18)

ആകെ 1088000രൂ

3. ബ്ളോക്ക് പഞ്ചായത്ത് വിഹിതം-ചെലവ് വിവരം
    1. റിക്വിസിഷൻ നം. 5049002011706/27.3.18- 484704/- രൂപ

       (ജോയിന്റ് വെഞ്ച്വർ ടിഎസ്ബി ചെക്ക് – 4759585/31.3.18)
    2. റിക്വിസിഷൻ നം. 504940020117022/27.3.18 – 603296/- രൂപ

       (ചെക്ക്. 4759585/31.3.18 – 357306/- രൂപ, ചെക്ക്.4759587/31.3.18 – 245990/- രൂപ)

    ആകെ =1088000

4. ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡിബിടി രീതിയിലാണ് സബ്സിഡി നല്കിയത് (അതിനാൽ അധികം നല്കിയ സബ്സിഡി ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കാൻ സാധ്യതയുണ്ട്.).
5. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം (22/29.11.2018) നിർവ്വഹണ ഉദ്യോഗസ്ഥക്ക് നല്കിയിരുന്നു.

സബ്സിഡി അധികം നല്കിയത് ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടമായതിനാൽ ക്രമീകരണം/തിരിച്ച് ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടി വിവരം അറിയിക്കുന്നത് വരെ അധിക ചെലവ്

67212/- രൂപ കൃഷി ഓഫീസർ മായ ഗോപാലകൃഷ്ണന്റെ ബാധ്യതയായി ഓഡിറ്റ് നിർണയിക്കുന്നു.

## 3-3 ഏറ്റെടുത്തതിൽ മൂന്നിലൊന്ന് പ്രോജക്ടും നടപ്പാക്കിയില്ല-പ്രോജക്ടുകളുടെ ആവിഷ്കരണവും, നിർവ്വഹണം കാര്യക്ഷമമാക്കണം

ഓഡിറ്റ് വർഷം സെക്രട്ടറി നിർവ്വഹിക്കുവാൻ ഉദ്ദേശിച്ചിരുന്ന പ്രോജക്ടുകളിൽ മൂന്നിൽ ഒന്നിലും ചെലവ് വന്നിരുന്നില്ല. ആകെ 24 പ്രോജക്ടുകൾ ഉദ്ദേശിച്ചിരുന്നതിൽ 16എണ്ണം മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. നിർവ്വഹിക്കപ്പെടാതെ വന്ന 8 പ്രോജക്ടുകളുടെ വിശദാംശവും അടങ്കലും ചുവടെ ചേർക്കുന്നു. മതിയായ മുന്നൊരുക്കവും പ്രോജക്ടിന്റെ നിർവ്വഹണത്തിനാവശ്യമായ സാഹചര്യങ്ങളും പരിഗണിക്കാതെ പ്രോജക്ടുകൾ ഏറ്റെടുത്തത് മൂലമാണ് ഇപ്രകാരം വരുന്നതെന്ന് മനസ്സിലാക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് പേര് | അടങ്കൽ | ഏത് ഫണ്ട് എന്ന് | ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | 4/18 | പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ | 100000 | തനത് | സ്പിൽ ഓവർ ആക്കി പൂർത്തീകരിച്ചു |
| 2 | 5/18 | പ്രസിഡന്റ്, സെക്രട്ടറി, എ.ഇ ലാപ്ടോപ് | 120000 | തനത് | പുതിയ പ്രോജക്ടായി നടപ്പിലാക്കി |
| 3 | 8/18 | പുതിയ പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ | 120000 | തനത് | പുതിയ പ്രോജക്ടായി നിർവ്വഹണഘട്ടത്തിൽ |
| 4 | 67/18 | ഐ.കെ.എം. വിഹിതം | 3000 | തനത് | ഐ.കെ.എം വിഹിതം എന്ന പ്രോജക്ടും വെബ് വരിസംഖ്യ പ്രോജക്ടും ഏകീകരിച്ച് നടപ്പിലാക്കുന്നതിനാൽ ഈ പ്രോജക്ട് പ്രത്യേകം നടപ്പാക്കേണ്ടതില്ലായിരുന്നു. |
| 5 | 141/18 | പൈപ്പ് ലൈൻ നീട്ടൽ | 400000 | തനത് | പുതിയ പ്രോജക്ട് ഏറ്റെടുത്തു, നിർവ്വഹണ ഘട്ടത്തിൽ |
| 6 | 169/18 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റുകളുടെ പ്രവർത്തനം | 246000 | തനത് | എയ്റോബിക് കമ്പോസ്റ്റ് ബിൻ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പ്രോജക്ട് നിർവ്വഹിച്ചിട്ടില്ല. |
| 7 | 171/18 | മെറ്റീരിയൽ റിക്കവറി സെന്റർ, എയ്റോബിക് യൂണിറ്റുകളിലേക്ക് മാലിന്യങ്ങൾ എത്തിക്കൽ | 74800 | തനത് | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 8 | 180/18 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം | 500000 | (430000 വിക.ജന+ 70000 (ധന.കമ്മീ) | ക്യൂ ബില്ലിൽ ഉൾപ്പെട്ടു. പിന്നീട് സ്പിൽഓവറായി നിർവ്വഹണം പൂർത്തീകരിച്ചു. |

പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിലും പദ്ധതിവിഹിതം നഷ്ടമാകാതെയിരിക്കുന്നതിനും മേലിൽ കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതാണ്.

## 3-4 പൗരാവകാശ രേഖ തയ്യാറാക്കപ്പെട്ടില്ല, ചട്ട ലംഘനം

2004-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ, ചട്ടം3 പ്രകാരം ഒരു ഭരണ സമിതി അധികാരമേറ്റ് ആറ് മാസത്തിനകം പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കൽ എന്ന പ്രോജക്ട് 2017-18ൽ, മാത്രമാണ്, നം.എസ്004/18പ്രകാരം, സെക്രട്ടറി നടപ്പിലാക്കാൻ ഏറ്റെടുത്തത്. എന്നാൽ തൻവർഷം ആയത് നടപ്പാക്കിയിട്ടുമില്ല. ഗ്രാമപഞ്ചായത്തിൽ പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കേണ്ടതാണ്. കൂടാതെ, ഗ്രാമപഞ്ചായത്തുകളിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടിയെന്ന നിലയ്ക്ക് പൗരാവകാശ രേഖ തയ്യാറാക്കപ്പെടേണ്ടതുണ്ടെന്ന് (സ.ഉ(എം.എസ്)18/15, തസ്വഭവ, 29.1.2015 പ്രകാരം,) സർക്കാർ നിർദ്ദേശമുള്ളതായും കാണുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷന് മുമ്പായി നാമമാത്രമായ വിധത്തിലാണ് പൗരാവകാശ രേഖ തയ്യാറാക്കപ്പെട്ടതെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ നിന്ന് മനസ്സിലാകുന്നു. മേലിൽ ഇപ്രകാരം ചട്ടലംഘനം സംഭവിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്കുകളുടെ കണക്കുകൾ-പരിശോധനയ്ക്കാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ സ്ഥാപനവും അറ്റകുറ്റപ്പണികളും മറ്റ് അനുബന്ധ ചെലവുകളുമായി ബന്ധപ്പെട്ട് 2017-18വർഷം നിർവ്വഹിക്കപ്പെട്ടിട്ടുള്ള വിവിധ പ്രോജക്ടുകൾ, അവയുടെ ചെലവ് വിവരം എന്നിവ ചുവടെ ചേർക്കും പ്രകാരമാണ്:

1. തെരുവ് വിളക്ക് സ്ഥാപിക്കൽ (എസ്003/18) 7,74,249/- രൂപ, ബിൽ നം. 19/21.2.2018
2. ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (എസ്061/18) പ്രോജക്ടിൽ 60,000/-രൂപ, ബിൽ നം. 24/28.2.2018
3. തെരുവ് വിളക്ക് എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ പ്രോജക്ടിൽ (എസ്0177/18) 7,56,000/- രൂപ, ബിൽ നം. 25/20.3.2018
4. തെരുവ് വിളക്ക് മെയിന്റനൻസും മീറ്റർ സ്ഥാപിക്കലും (എസ് 0157/18) 66,345/- രൂപ, ബിൽ നം. 2/21.7.2017

തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് മാത്രം, ഇപ്രകാരം തൻവർഷം വിവിധ പ്രോജക്ടുകൾ പ്രകാരം ആകെ ചെലവ് 16,56,594/- രൂപയാണ്. എന്നാൽ ഏതെല്ലാം വാർഡുകളിലെ ഏതെല്ലാം പോസ്റ്റുകളിലുള്ള വിളക്കുകൾക്കാണ് അറ്റകുറ്റപ്പണി ചെയ്തത്, എവിടെയെല്ലാമാണ് പുതിയതായി വിളക്കുകൾ സ്ഥാപിച്ചത്, മീറ്റർ സ്ഥാപിച്ചത് എവിടെയെല്ലാം, പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചത് എവിടെയെല്ലാം, വിളക്കുകൾ മാറ്റി സ്ഥാപിച്ചപ്പോൾ ലഭിച്ചിട്ടുള്ള കേടായ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ സംബന്ധിച്ച വ്യക്തമായ കണക്ക്/രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് മതിയായ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ടി പ്രോജക്ടുകളുടെ ചെലവ് ₹. 16,56,594/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തൃപ്തികരമായ രേഖകൾ ഹാജരാക്കിക്കൊണ്ട് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 ഫർണ്ണീച്ചർ വാങ്ങൽ– ടെണ്ടർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നിർവ്വഹിച്ചു, നടപടികൾ ലംഘിച്ചു, തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹിച്ച, സബ്സെന്ററുകൾക്ക് ഫർണ്ണീച്ചർ വാങ്ങൽ എന്ന പ്രോജക്ടിൽ (നം.176/18) സൂര്യ ഏജൻസീസ് ഹരിപ്പാട് എന്ന സ്ഥാപനത്തിൽ നിന്നും 240/- രൂപ നിരക്കിൽ 250പ്ലാസ്റ്റിക് കസേരകൾ വാങ്ങിയതായി കാണുന്നു (ബിൽ നം. 29/31.3.2018, ₹ 60,000/-). പ്രോജക്ടിന്റെ നടത്തിപ്പിനായി വിളിച്ചിട്ടുള്ള ടെണ്ടറിൽ ഐ.എസ്.ഐ സർട്ടിഫിക്കറ്റ് ഉള്ള കസേരകൾ എന്ന് നിബന്ധന വച്ചിരുന്നുവെങ്കിലും പിന്നീട് പർച്ചേസ് കമ്മറ്റി ടി തീരുമാനം ഭേദഗതി വരുത്തിക്കൊണ്ട് (3.3.18കമ്മറ്റിയിലെ 1.5പ്രകാരം) ഐ.എസ്.ഐ. ഗുണനിലവാരം എന്ന വ്യവസ്ഥ ഒഴിവാക്കി കുറഞ്ഞ നിരക്കിനും എണ്ണത്തിനും പ്രാധാന്യം നല്കിക്കൊണ്ട് വാങ്ങൽ നടപടി നിർവ്വഹിച്ചതായി കാണുന്നു. ശബരി സ്റ്റീൽ ഫർണ്ണീച്ചർ കൊട്ടാരക്കര എന്ന സ്ഥാപനം മാത്രമാണ് സൂര്യ ഏജൻസിക്ക് പുറമേ ടെണ്ടറിൽ പങ്കെടുത്തിരുന്നത്, ഇവർ ടെണ്ടറിൽ ഐ.എസ്.ഐ സർട്ടിഫിക്കേഷനുള്ള കസേരകൾക്കാണ് പ്രാധാന്യം നല്കിയിട്ടുള്ളത്. അതേ സമയം സൂര്യ ഏജൻസി ഐ.എസ്.ഐ മുദ്രയില്ലാത്ത കസേരകളും ടെണ്ടറിൽ ഉൾപ്പെടുത്തി. ടെണ്ടർ വ്യവസ്ഥകൾ പ്രകാരം, ഐ.എസ്.ഐ സർട്ടിഫിക്കേഷനുള്ള പ്ലാസ്റ്റിക് കസേരകൾ ലഭ്യമാക്കാൻ സന്നദ്ധരായ സ്ഥാപനങ്ങൾക്ക് മാത്രമാണ് ഇതിലൂടെ ടെണ്ടറിൽ പങ്കെടുക്കാൻ സാധിച്ചിട്ടുള്ളത്. ടി വ്യവസ്ഥയില്ലായിരുന്നുവെങ്കിൽ പങ്കെടുക്കാൻ തയ്യാറായേക്കാവുന്ന സ്ഥാപനങ്ങൾക്ക് ഇതിലൂടെ അവസരം നിഷേധിക്കപ്പെട്ടു, ഫലത്തിൽ ടെണ്ടർ നടപടി അപ്രസക്തമായി. ടെണ്ടർ നടപടി പാലിക്കാതെ ഗുണനിലവാരം ഉറപ്പില്ലാത്ത കസേരകൾ വാങ്ങിയതിലൂടെ വാങ്ങൽ നടപടികൾ ലംഘിച്ചതിനാൽ നടത്തിയിട്ടുള്ള ചെലവ് ₹60,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ഓട്ടോറിക്ഷാ വാങ്ങൽ - പദ്ധതി നടപ്പായതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല - ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

അസിസ്റ്റന്റ് സെക്രട്ടറി സ്പിൽ ഓവറായി നടപ്പാക്കിയ എസ്. സി. യുവാക്കൾക്ക് ഓട്ടോറിക്ഷ/ പിക്അപ്പ് ഓട്ടോറിക്ഷ പദ്ധതി (പ്രോജക്ട് നം. 53/18) യിൽ ശ്രീ. ബിനുകുമാർ, പറങ്ങത്തറ എന്ന വ്യക്തിക്കാണ് വാഹനം വാങ്ങുന്നതിന് സബ്സിഡി അനുവദിച്ചത്. 1,90,000/- രൂപ ബാങ്ക് ലോൺ അനുവദിച്ചതായുള്ള 12.02.2018 ലെ പഞ്ചാബ് നാഷണൽ ബാങ്ക് മാനേജരുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിലേയ്ക്കാണ് (അക്കൗണ്ട് നം. 9847003171165 A) തുക ട്രാൻസ്ഫർ ചെയ്തത്. (50,000/- രൂപ, ബിൽ നം. 13/17-18/28.02.2018) പ്രോജക്ട് ഫയൽ, ഓഡിറ്റ് സമയത്ത് ഗുണഭോക്താവ് ഹാജരാക്കിയ രേഖകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാണപ്പെട്ട പദ്ധതി നിർവ്വഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

ഫയലിൽ സൂക്ഷിച്ചിരുന്ന വിതായത്തിൽ മേട്ടോഴ്സ് എന്ന സ്ഥാപനത്തിൽ നിന്നുള്ള ബജാജ് ഓട്ടോ വാഹനത്തിന്റെ 2,32,950/- രൂപയുടെ ബില്ലിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. തീയതിയുടെ അഭാവത്തിൽ വാഹനം വാങ്ങിയ കാലയളവിൽ വ്യക്തത ഇല്ല.

2. വാഹനം രജിസ്റ്റർ ചെയ്തിട്ടില്ല.

02/2018 ൽ സബ്സിഡി അനുവദിച്ച് വാങ്ങിയ വാഹനം ഓഡിറ്റ് സമയത്തും (11/2018) രജിസ്റ്റർ ചെയ്തിട്ടില്ല എന്നാണ് ഗുണഭോക്താവ് അറിയിച്ചത്. വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, ലോൺ പാസ് ബുക്ക് എന്നിവ സഹിതം ഹാജരാകാനാണ് ആവശ്യപ്പെട്ടതെങ്കിലും ലോൺ പാസ് ബുക്ക് പോലും ഹാജരാക്കിയില്ല. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഓഡിറ്റിൽ ഹാജരാക്കിയ വാഹനം പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വാങ്ങിയതാണെന്ന് ഉറപ്പാക്കാനും കഴിഞ്ഞില്ല.

3. ഹാജരാക്കിയ രേഖകളിലെ തീയതികളും പദ്ധതി നിർവ്വഹണ കാലയളവും തമ്മിൽ പൊരുത്തമില്ല.

ട്രേഡ് സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് എന്നിവയാണ് ഓട്ടോയ്ക്കൊപ്പം ഗുണഭോക്താവ് ഹാജരാക്കിയ രേഖകൾ. വിതായത്തിൽ മേട്ടോഴ്സ് എന്ന സ്ഥാപനത്തിന്റെ 21.06.2016 ലെ ട്രേഡ് സർട്ടിഫിക്കറ്റിന്റെ കാലാവധി 19.06.2017 ൽ അവസാനിക്കുകയാണ്. ഇൻഷ്വറൻസ് സർട്ടിഫിക്കറ്റിന്റെ കാലാവധി 26.07.2017 മുതൽ 25.07.2018 വരെയാണ്. അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതിയുടെ ഭാഗമായി ബാങ്ക് ലോൺ (12.02.2018), സബ്സിഡി (28.02.2018) എന്നിവ അനുവദിച്ച തീയതികളും ഗുണഭോക്താവ് ഹാജരാക്കിയ രേഖകളും തമ്മിൽ യാതൊരു പൊരുത്തവുമില്ല.

മേൽ അപാകതകൾ കാരണം ഈ പദ്ധതിയുടെ ഭാഗമായി ഗുണഭോക്താവ് ഓട്ടോറിക്ഷ വാങ്ങി എന്നതിൽ വ്യക്തതയില്ല. പദ്ധതി നടപ്പാക്കി എന്നത് തെളിയിക്കുന്നതിനായി വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്, ലോൺ പാസ് ബുക്ക് എന്നിവ ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിക്കൊപ്പം ഹാജരാക്കേണ്ടതാണ്. ആവശ്യമായ രേഖകളുടെ അഭാവത്തിൽ അനുവദിച്ച സബ്സിഡി (50,000/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/28.11.2018) മറുപടി നൽകിയില്ല.

## 3-8 വിവാഹധനസഹായം:- അർഹമായതിലും അധികം തുക നൽകി.

നിർവഹണ ഉദ്യോഗസ്ഥൻ :-അസിസ്റ്റന്റ് സെക്രട്ടറി.

പ്രോജക്ട് നം. 55/18.

പട്ടികജാതി/ പട്ടികവർഗ്ഗ രക്ഷകർത്താക്കളുടെ പെൺമക്കളുടെ വിവാഹധനസഹായം പദ്ധതിയിൽ ശ്രീ. ശശിധരൻ, കോയിപ്പള്ളിത്തറയിൽ എന്ന ഗുണഭോക്താവ് വിവാഹ ധനസഹായത്തിനായി 12.02.17തീയതിയിലാണ് അപേക്ഷ സമർപ്പിച്ചത്. 23.11.2016 ൽ മകളുടെ വിവാഹം നടന്ന് ഗുണഭോക്താവ് യഥാസമയം അപേക്ഷ സമർപ്പിച്ചിട്ടും 2016-17 വർഷം ധനസഹായം അനുവദിച്ചില്ല. ഗുണഭോക്താവ് ആനുകൂല്യത്തിന് അർഹനായതിനാൽ ധനസഹായം അനുവദിക്കാവുന്നതാണ് എന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം (31.01.18 ലെ 1(7)-ാം നമ്പർ) എടുത്തിരുന്നു. 2016-17 വർഷം അർഹമായ ധനസഹായം 50,000/- രൂപയാണ്. എന്നാൽ ഗുണഭോക്താവിന് 80/2017/03.04.17 ഉത്തരവ് പ്രകാരം അർഹമായ 75,000/- (ബിൽ നം. 09/17-18/17.02.18) രൂപയാണ് നൽകിയത്.

ഗുണഭോക്താവ് യഥാസമയം അപേക്ഷ സമർപ്പിച്ചിട്ടും 2016-17 വർഷം ധനസഹായം അനുവദിക്കാതിരുന്നതിന്റെ കാരണം, 2016-17 വർഷം വിവാഹധനസഹായത്തിന് അപേക്ഷിച്ച വ്യക്തിക്ക് 2017-18 വർഷം ബാധകമായ ധനസഹായം അനുവദിക്കാനുണ്ടായ കാരണം എന്നിവ അന്വേഷിച്ച് ഓഡിറ്റ് അന്വേഷണം (09/24.11.2018) നൽകി. 2016-17 വർഷം ഫണ്ട് അപര്യാപ്തമായിരുന്നു എന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടുത്തി 2017-18 വർഷത്തെ ഗുണഭോക്താവ് എന്ന നിലയിലാണ് ആനുകൂല്യം നൽകിയതെന്നും ആണ് മറുപടി നൽകിയത്. 23.11.2016 ൽ നടന്ന വിവാഹത്തിനുള്ള ധനസഹായത്തിന് ആയി 12.02.17ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ, അപേക്ഷകനെ 2017-18 വർഷത്തെ ഗുണഭോക്താവായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചാലും മുൻ വർഷം ബാധകമായ ധനസഹായം മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് അനുവദിക്കാവുന്നത്. അതിനാൽ പ്രസ്തുത മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ 25,000/- രൂപ നിർവഹണ ഉദ്യോഗസ്ഥൻ തിരിച്ചടച്ച് മറുപടി നൽകേണ്ടതാണ്.

## 3-9 വാട്ടർ ടാപ്പുകളുടെ എണ്ണം- സംയുക്തപരിശോധന നടത്തിയിട്ടില്ല:-

ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക, പ്രതിമാസം പഞ്ചായത്ത് ഒടുക്കുന്ന തുക എന്നിവയിൽ വ്യത്യാസം ഉണ്ട്.

വെള്ളക്കരത്തിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരം 187 ടാപ്പുകൾക്ക് പ്രതിവർഷം 5250/-രൂപ (ടാപ്പ് ഒന്നിന് പ്രതിമാസം 437.5/-(രൂപ)നിരക്കിൽ തുക ഡിമാന്റ് ചെയ്യുന്നവെങ്കിലും 181 ടാപ്പുകളുടെ വെള്ളക്കരം (79188/-) ആണ് പഞ്ചായത്ത് അടക്കുന്നത്. സംയുക്ത പരിശോധനയിലൂടെ എണ്ണം തിട്ടപ്പെടുത്താത്തതിനാലാണ് വ്യത്യാസം ഉണ്ടായതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം. 16/27.11.2018) മറുപടി നൽകിയത്. നിരവധി തവണ കത്തുകൾ നൽകിയിട്ടും പൊതു ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്താൻ വാട്ടർ അതോറിറ്റി അധികൃതർ തയ്യാറായിട്ടില്ല എന്നും മറുപടിയിൽ അറിയിച്ചു.

ഏപ്രിൽ, 2017 ൽ കുടിശ്ശിക സഹിതം 1,33,611/- രൂപ ഡിമാന്റ് ചെയ്തപ്പോൾ ഫെബ്രുവരി, 2018 ൽ (03/2018 ലെ ഡിമാന്റ് നോട്ടീസ് ഹാജരാക്കിയില്ല) കുടിശ്ശിക സഹിതം വാട്ടർഅതോറിറ്റി ഡിമാന്റ് ചെയ്തത് 1,73,984/- രൂപയാണ്. 02/2018ലെ ഡിമാന്റ് പ്രകാരം തൻമാസം ഒടുക്കിയ 79188/-രൂപ കിഴിച്ച് വാട്ടർ അതോറിറ്റിക്ക് ഒടുക്കാനുള്ള കുടിശ്ശിക 94,796/- രൂപയാണ്. 187 ടാപ്പുകളുടെ വെള്ളക്കരം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുമ്പോൾ 181 ടാപ്പുകളുടെ വെള്ളക്കരം മാത്രം പഞ്ചായത്ത് അടക്കുന്ന എന്നതിനാൽ വെള്ളക്കരമിനത്തിൽ ഭാവിയിൽ വൻ തുകയുടെ ബാധ്യത പഞ്ചായത്തിന് ഉണ്ടാകും. അതിനാൽ സംയുക്ത പരിശോധന നടത്തി കുടിവെള്ള ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 വാഹന അറ്റകുറ്റപ്പണിക്ക് ചെലവഴിച്ച തുകയ്ക്ക് ഇൻഷ്വറൻസ് ക്ലെയിം ചെയ്തില്ല.

17.09.2015 ൽ അപകടത്തിൽ പെട്ട ഓഫീസ് വാഹനത്തിന്റെ റിപ്പയറിംഗിനായി തനതുഫണ്ടിൽ നിന്നും 16464/-രൂപ (11644/-വൗച്ചർ നം.21700416/31.08.17, 4820/-വൗച്ചർ നം.21700430/13.09.17) ചെലവഴിച്ചു. മാവേലിക്കര മെക്കാനിക്കൽ സബ്ഡിവിഷണൽ എഞ്ചിനീയർ അംഗീകരിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കുമ്പമ്പുഴ എഞ്ചിനീയറിംഗ് വർക്ക്സ് എന്ന സ്ഥാപനത്തിലാണ് റിപ്പയറിംഗ് ചെയ്തത്. വാഹനത്തിന്റെ റിപ്പയറിംഗിനായി ചെലവഴിച്ച തുകക്കുള്ള ഇൻഷ്വറൻസ് ക്ലയിം ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല എന്നാണ് ഓഡിറ്റ് അന്വേഷണ ((19/28.11.2018) ത്തിന് മറുപടി നൽകിയത്. ഇൻഷ്വറൻസ് പരിരക്ഷയുള്ള വാഹനത്തിന് ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിച്ച 16464/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ലോഗ് ബുക്കിലെ അപാകതകൾ.

ഗ്രാമപഞ്ചായത്തിലെ KL-29G-9427 XYLO വാഹനത്തിന്റെ പരിപാലനത്തിൽ ജിഒ (എം.എസ്) 170/07 എൽ.എസ്.ജി.ഡി 30.06.2007 പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

*അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.*

1. പ്രതിമാസ ഇന്ധന ഉപഭോഗം, യാത്ര ചെയ്ത ദൂരം, എന്നിവയുടെ സംക്ഷിപ്തം രേഖപ്പെടുത്തി കസ്റ്റോഡിയൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ലോഗ്ബുക്ക് പരിശോധിച്ചതിൽ വാഹനത്തിന്റെ റിപ്പയർ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
3. ഹാൾട്ട് ചെയ്ത സമയം, കസ്റ്റോഡിയൻ ഓഫീസറുടെ ഒപ്പ് എന്നിവയുടെ കോളത്തിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
4. ഇന്ധന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ഇന്ധന ക്ഷമതാ ടെസ്റ്റ് യഥാസമയം നടത്തുന്നില്ല. 28.03.18ൽ കാലാവധി അവസാനിച്ചുവെങ്കിലും ഇതുവരെയും ഇന്ധനക്ഷമത പരിശോധിച്ച് സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല. ഇന്ധന ഉപയോഗത്തിൽ കാര്യമായ വ്യതിയാനം വരുന്നുണ്ടോ എന്നത് അറിയുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും യഥാസമയം ഇന്ധന ഉപഭോഗം ടെസ്റ്റ് ചെയ്യുകയും ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.
6. ലോഗ്ബുക്ക് പരിശോധിച്ചതിൽ എൽ.ഡി.ക്ലാർക്കുമാർ, ഓഫീസ് അസിസ്റ്റന്റ് എന്നിവരുടെ യാത്രക്കായി വാഹനം ഉപയോഗിച്ചിട്ടുണ്ട്. ഓഫീസ് വാഹനത്തിന്റെ ഉപയോഗം ചട്ട പ്രകാരമുള്ള ഔദ്യോഗിക ആവശ്യങ്ങൾക്കായി പരിമിതപ്പെടുത്തേണ്ടതാണ്.

കണ്ടിജന്റ് ബിൽ രജിസ്റ്ററിൽ ഇന്ധനം വാങ്ങുന്നതിന്റെ വിവരങ്ങൾ ചേർക്കുന്നതിനാലാണ് ഇന്ധനരജിസ്റ്റർ സൂക്ഷിക്കാത്തതെന്നും മറ്റ് അപാകതകൾ പരിഹരിക്കുമെന്നും ആണ് ഓഡിറ്റ് അന്വേഷണ (14/27.11.2018) ത്തിന് മറുപടി നൽകിയത്. അപാകതകൾ പരിഹരിച്ച് ലോഗ്ബുക്ക് ശരിയായ രീതിയിൽ പരിപാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 താത്ക്കാലിക ജീവനക്കാരുടെ നിയമനം - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. 05.02.2014 ലെ 25941/ജി2/2013/തൊഴിൽ നമ്പർ സർക്കുലർ പ്രകാരം താത്ക്കാലിക ജീവനക്കാരുടെ നിയമനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം ഉറപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഡ്രൈവർ തസ്തികയിലെ നിയമനത്തിൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. 02.07.14 മുതൽ ഡ്രൈവറെ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകുന്നുണ്ട്. 2017-18 വർഷം തനത്ഫണ്ടിൽ നിന്നും ഡ്രൈവറുടെ വേതനത്തിനായി 1,93,585/-രൂപ ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തിനുണ്ടാകാവുന്ന അധിക സാമ്പത്തിക ബാധ്യത ഒഴിവാക്കുന്നതിനാണ് ദിവസവേതനത്തിൽ ഡ്രൈവറെ നിയമിച്ചതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (15/27.11.2018) മറുപടി നൽകിയത്. പഞ്ചായത്തിന്റെ ഉത്തമ

സാമ്പത്തിക താത്പര്യം സംരക്ഷിക്കുന്നതിന് പ്രസ്തുത മറുപടി അനുയോജ്യമാണെങ്കിലും താത്ക്കാലിക ജീവനക്കാരുടെ നിയമനത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 <u>സാക്ഷരത തുല്യത :- വിനിയോഗ രേഖകൾ പൂർണ്ണമല്ല.</u>

പ്രോജക്ട് നം.17/18.

*<u>ചെലവിന്റെ വിവരം.</u>*

49058/- 1/17-18/06.01.18. (വികസനഫണ്ട്)

19942/- (ചെക്ക് നം.132282/22.11.2017) (തനത്ഫണ്ട്)

39750/- (ചെക്ക് നം.6979494/28.03.2018) (തനത്ഫണ്ട്).

ഹെഡ് മിസ്ട്രസ് നടപ്പാക്കിയ സാക്ഷരത തുല്യത പദ്ധതിയിൽ പത്താം തരം തുല്യതയ്ക്കായി പതിനഞ്ച് പഠിതാക്കൾക്ക് കോഴ്സ് ഫീസ്, പരീക്ഷാഫീസ് ഉൾപ്പെടെ 2450/- (1950 +500), രൂപ വീതവും പന്ത്രണ്ടാം തരം തുല്യതക്കായി മുപ്പത്തിരണ്ട് പഠിതാക്കൾക്ക് കോഴ്സ് ഫീസ്, പരീക്ഷാഫീസ് ഉൾപ്പെടെ 2250/- രൂപ വീതവും സാക്ഷരതാ മിഷനിലേക്ക് അടച്ചിട്ടുണ്ട്. പഠിതാക്കളുടെ അപേക്ഷ, സാക്ഷരതാമിഷന്റെ കൈപ്പറ്റ് രസീത് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഓരോ തലത്തിലും എത്ര പേർ പരീക്ഷ എഴുതി എന്നതിന്റെയും (അഡ്മിറ്റ് കാർഡ് സഹിതം) പരീക്ഷ എഴുതിയതിൽ വിജയിച്ചവരുടെയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (13/26.11.2018) നൽകി. മറുപടിക്കൊപ്പം പതിനഞ്ച് ഹയർസെക്കന്ററി പഠിതാക്കളും രണ്ട് പത്താം തരം തുല്യതാ പഠിതാക്കളും പരീക്ഷ എഴുതിയതിന്റെ വിശദാംശങ്ങൾ മാത്രമാണ് ഹാജരാക്കിയത്. ഗുണഭോക്താക്കൾക്ക് മൂന്ന് ചാൻസുകൾ ഉള്ളതിനാൽ അവശേഷിക്കുന്നവർ അടുത്ത തവണ പരീക്ഷ എഴുതുമെന്നാണ് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയത്. പരീക്ഷ എഴുതാത്ത സാഹചര്യത്തിൽ 17 ഹയർസെക്കന്ററി പഠിതാക്കൾ, 13 പത്താം തരം തുല്യതാ പഠിതാക്കൾ എന്നിവർക്കായി വിനിയോഗിച്ച 70100/- രൂപ (2250*17=38250/-,2450*13=31850/-) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 <u>വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.</u>

അസി. സെക്രട്ടറി നടപ്പാക്കിയ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന് സ്ഥലം വാങ്ങൽ (പ്രോജക്ട് നം.121/18) എന്ന പദ്ധതിക്കായി ജില്ലാപഞ്ചായത്തിന് 13,84,500/- രൂപ നൽകി.(10,00,000/-(14/17-18/28.02.18), 3,84,500/-(22/17-18/28.03.18) ) തുകയുടെ വിനിയോഗ രേഖകൾ, പദ്ധതി നിർവഹണത്തിന്റെ നിലവിലെ സ്ഥിതി എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ ((09/24.11.2018) ത്തിന് ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുമ്പോൾ ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-15 <u>പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം ലൈഫ് പ്രോജക്ടിൽ ഉൾപ്പെടുത്താതെ പ്രോജക്ട് നിർവ്വഹിച്ചു</u>

വി.ഇ.ഒ നിർവ്വഹിച്ച, പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (നം.42/18, ജവഹർ ഭവന നിർമ്മാണം, ജനറൽ 2015-16)എന്ന പ്രോജക്ടിൽ ചുവടെ ചേർക്കുന്ന ജവഹർ ഭവന നിർമ്മാണ പ്രോജക്ട് ഗുണഭോക്താക്കൾക്കായി 240000/-രൂപയുടെ ആനുകൂല്യം നല്കിയിട്ടുണ്ട്:

1.സുകന്യ.ജെ (60,000/- രൂപ തൻവർഷം, മുൻ പ്രോജക്ടിൽ ലഭിച്ചത് 1,40,000/-)

2.മാധവനാചാരി (80,000/- രൂപ തൻവർഷം, മുൻ പ്രോജക്ടിൽ ലഭിച്ചത് 80,000/-)

3.കൃഷ്ണ കുമാർ.പി (60,000/- രൂപ തൻവർഷം, മുൻ പ്രോജക്ടിൽ ലഭിച്ചത് 1,40,000/-)

2015-16 മുതലുള്ള, പൂർത്തീകരിക്കാത്ത ഭവന പദ്ധതികൾക്കായി ലൈഫ് മിഷനിൽ ഉൾപ്പെടുത്തി, (സ.ഉ(എം.എസ്)196/2017/തസ്വഭവ, 11.10.2017 ഉത്തരവ് പ്രകാരം) ഓരോ ഗുണഭോക്താവിനും ആനുപാതിക വർദ്ധനവോടെ ആനുകൂല്യം നല്കാവുന്നതാണ്. ടി സാഹചര്യത്തിൽ ഭവന നിർമ്മാണ പൂർത്തീകരണത്തിനായി ഇപ്രകാരം പ്രത്യേക പദ്ധതി നടപ്പാക്കിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധവും ഗുണഭോക്താക്കളുടെ താല്പര്യത്തിന് വിരുദ്ധവുമായിരുന്നു. മേലിൽ ഇപ്രകാരമുള്ള അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 അങ്കണവാടികളുടെ ഭൗതിക സാഹചര്യം.

*ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക നിലവാരം ചുവടെ ചേർക്കുന്നു.*

ഇരുപത്തിരണ്ട് അങ്കണവാടികളാണ് പഞ്ചായത്തിലുള്ളത്. 43, 44, 45 നമ്പർ അങ്കണവാടികളുടെ കെട്ടിടങ്ങൾ ശോച്യാവസ്ഥയിൽ ആയതിനാൽ അവ ഉൾപ്പെടെ അഞ്ച് അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. നാല് എണ്ണത്തിന് ചുറ്റുമതിൽ ഉള്ളപ്പോൾ 13 എണ്ണത്തിന് ഭാഗികമായി മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. അഞ്ച് എണ്ണത്തിന് ചുറ്റുമതിൽ ഇല്ല. പത്തൊൻപത് എണ്ണത്തിന് വൈദ്യുതി കണക്ഷൻ ഉള്ളപ്പോൾ മൂന്ന് എണ്ണത്തിന് വൈദ്യുതി കണക്ഷൻ ഇല്ല. ഇരുപത്തൊന്ന് എണ്ണത്തിന് കുടിവെള്ള കണക്ഷൻ, ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് എന്നിവ ഉണ്ട്.

കുടിവെള്ള കണക്ഷൻ ഉണ്ടെങ്കിലും അങ്കണവാടികളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. പഞ്ചായത്ത് കമ്മിറ്റി മിനുട്സിലും ഈ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസറും അങ്കണവാടി ജീവനക്കാരും വിഷയം ഓഡിറ്റിൽ അറിയിച്ചു. ശുദ്ധജലക്ഷാമം അങ്കണവാടികളുടെ പ്രവർത്തനങ്ങൾക്ക് പ്രതികൂലം എന്ന പോലെ കുട്ടികളുടെ ആരോഗ്യത്തിനും ഹാനികരമാണ്. ആയതിനാൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

വൈദ്യുതി കണക്ഷൻ പോലും ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു എന്നത് അത്യന്തം ഗൗരവം അർഹിക്കുന്ന വിഷയമാണ്. ചുറ്റുമതിൽ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കി സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 96875/- | പ്രോജക്റ്റ് നം. 33/18<br>ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 96875/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 96875/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 96875/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 3,25,000/- | പ്രോജക്റ്റ് നം. 14/18 പാലിന് സബ്സിഡി. | 3,25,000/- | - |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 1088000 | പ്രോജക്റ്റ് നം.41/18<br>നെൽകൃഷി വികസനം. | 1088000 | - |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 243500/- | പ്രോജക്റ്റ് നം.44/18 .<br>ഉള്ളിട്ട പുഞ്ച പെട്ടിയും പറയും. | 243500/- | - |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു,

| നിർവഹണ ഏജൻസി. | പ്രവർത്തിയുടെ പേര്. | വൌച്ചർ നം./ തീയതി. | നൽകിയ തുക. | ചെല വഴിച്ച തുക. | ബാക്കിയുള്ള തുക. |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം.61/18 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ. | ബിൽ നം. 24/28.02.18 | 60,000/- | - | 60,000/- |
| കെ.എസ്.ഇ.ബി, പള്ളിപ്പാട്. | എസ്.സി.കോളനികളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ. | ബിൽ നം. 23/17-18/ 28.03.18 | 74500/- | - | 74500/- (06/18 ൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്) |
| കെ.എസ്.ഇ.ബി. | 148/18 തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ. | ബിൽ നം. 41,42,40/17-18/ 28.02.18 | 490168/- | - | 490168/- |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-4. വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

## 4-5. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ്റിക്കവറി ഇനത്തിൽ ഈടാക്കിയ 4976/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം. | ഖണ്ഡിക നം. | ഈടാക്കിയ തുക. | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും. | രസീത് നം., തീയതി. |
|---|---|---|---|---|
| 2013-14, 2014-15 | 3(3) | 4878/- | ശ്രീമതി. ജെ. ലതിക, അസി. സെക്രട്ടറി. | 117010105178/14.03.18 |
| 2010-11, 2011-12 | 2(2) | 98/- | ശ്രീമതി. ലക്ഷ്മീദേവി, മുൻസെക്രട്ടറി. | 117010100086/18.04.17 |
| ആകെ. | | 4976/- | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | പരാമർശം | നിലവിലെ സ്ഥിതി. |
|---|---|---|---|---|---|
| 1 | 1999-2000 | 2-18 | 2002-04 | പിഴപ്പലിശ ഈടാക്കാത്തത് സംബന്ധിച്ച് | സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| 2 | 1999-2000 | 2-20 | 2003-04 | റോഡിന് സർക്കാർ ഉത്തരവ് ലംഘിച്ച് പണം നൽകിയത് സംബന്ധിച്ച് | പരാമർശം ഒഴിവാക്കുന്നതിന് ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയോട് അഭ്യർത്ഥി ച്ചിട്ടുണ്ട്. |

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം.

| ഖണ്ഡിക.നം. | ഉത്തരവാദിയായ ആളുടെ പേര്. | സർചാർജ് സർട്ടിഫിക്കറ്റ് നം. | തുക. | റിമാർക്സ്. |
|---|---|---|---|---|
| 2008-09 ഖ.3-12 | ശ്രീകുമാരൻനായർ, സെക്രട്ടറി. | LF18054/Sp.Cell/CSC/B3/2014/ 08.11.16 | 2118/- | തുക ഒടുക്കിയില്ല. |
| 2008-09 ഖ.3-12 | ശ്രീ. എം. കെ. വേണുകുമാർ, തെക്കേടത്ത്, ഏവൂർ നോർത്ത്. ചേപ്പാട് പി.ഒ. | LF18054/Sp.Cell/CSC/B3/2014/ 08.11.16 | 2118/- | തുക ഒടുക്കിയില്ല. |
| 2008-09 ഖ.3-12 | ശ്രീ. സോമൻപിള്ള, പുത്തൂർ, ഏവൂർ നോർത്ത്. ചേപ്പാട് പി.ഒ. | LF18054/Sp.Cell/CSC/B3/2014/ 08.11.16 | 2118/- | തുക ഒടുക്കിയില്ല. |
| 2008-09 ഖ.3-12 | ശ്രീ.ഹരികുമാർ,കളത്തുരേത്ത്,മുട്ടം.പി.ഒ | LF18054/Sp.Cell/CSC/B3/2014/ 08.11.16 | 2118/- | തുക ഒടുക്കിയില്ല. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,41,90,052 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49818805 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 92212/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 32,37,658/- |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 67212/- | ശ്രീമതി. മായാ ഗോപാലകൃഷ്ണൻ, കൃഷി ഓഫീസർ. |
| 3-9 | | 25,000/- | ശ്രീ.രാധാകൃഷ്ണൻ നായർ.എസ്, അസി.സെക്രട്ടറി |
| ആകെ. | | 92212/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും. |
|---|---|---|
| 3-5 | 1590249/- | ശ്രീ. ഉല്ലാസ് കുമാർ.റ്റി, സെക്രട്ടറി. |
| | 66345/- | ശ്രീ. രാധാകൃഷ്ണൻ നായർ.എസ്, അസി. സെക്രട്ടറി |
| 3-6 | 60,000/- | ശ്രീ. ഉല്ലാസ് കുമാർ.റ്റി, സെക്രട്ടറി. |
| 3-7 | 50,000/- | ശ്രീ. രാധാകൃഷ്ണൻ നായർ.എസ്, അസി. സെക്രട്ടറി |
| 3-10 | 16464/- | ശ്രീ. രാധാകൃഷ്ണൻ നായർ.എസ്, അസി. സെക്രട്ടറി |
| 3-13 | 70100/- | ശ്രീമതി. ജയ, ഹെഡ് മിസ്ട്രസ്സ്. |
| 3-14 | 1384500/- | ശ്രീ. രാധാകൃഷ്ണൻ നായർ.എസ്, അസി. സെക്രട്ടറി |
| | 32,37,658/- | |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജയ,<br>ഹെഡ് മിസ്ട്രസ്സ്. | ഹെഡ് മിസ്ട്രസ്സ്,<br>ജി.എൽ.പി.എസ്സ്, ചേപ്പാട്. | ഇന്ദ്രപ്രസ്ഥം,<br>നങ്ങ്യാർകുളങ്ങര പി.ഒ, ചേപ്പാട്. |
| ഡോ.ശ്യാരി പ്രിയ. വി.<br>മെഡിക്കൽ ഓഫീസർ,<br>പിഎച്ച്സി. | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി, ചേപ്പാട്. | ആനന്ദം ഹൗസ്,<br>മറ്റം തെക്ക്, തട്ടാരമ്പലം പി.ഒ. |
| ശ്രീ. രാധാകൃഷ്ണൻ നായർ. എസ്,<br>അസി. സെക്രട്ടറി. | വിരമിച്ചു. | കോയിപ്പള്ളിൽ വടക്കതിൽ,<br>രാമപുരം നോർത്ത്, കീരിക്കാട്. |
| ശ്രീ. ഉല്ലാസ് കുമാർ. റ്റി,<br>സെക്രട്ടറി. | സെക്രട്ടറി,<br>ചിങ്ങോലി ഗ്രാമ പഞ്ചായത്ത്. | മണിഭവനം,<br>താമല്ലാക്കൽ.പി.ഒ. |

| | | |
|---|---|---|
| ശ്രീമതി. മായാ ഗോപാലകൃഷ്ണൻ,<br>കൃഷി ഓഫീസർ. | കൃഷി ഓഫീസർ,<br>ചേപ്പാട് ഗ്രാമ പഞ്ചായത്ത്. | ചൈതന്യ,<br>ഓലകെട്ടിയമ്പലം. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2002-03 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2003-04 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2004-05 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2005-06 | എൽ.എഫ്.ജി.എ5-1832/11 തീ.28.01.12 |
| 2006-07<br>2007-08<br>2008-09<br>2009-10 | എൽ.എഫ്.ജി.എ5-1577/14, തീ. 15.05.2014 |
| 2010-11<br>2011-12 | എൽ.എഫ്.എ.പി4-496/13, തീ. 12.08.2013 |
| 2012-13 | എൽ.എഫ്.എ-പി4-145/15, തീ. 12.03.2015 |
| 2013-14<br>2014-15 | കെ.എസ്.എ-എൽ.പി-പി4-1344/15, തീ. 20.11.2015 |
| 2015-16 | കെ.എസ്.എ-എൽ.പി-പി4-1338/16 തീ. 14.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി.4-882/2017/ 06.07.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - I

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(17)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 30.07.2018

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേപ്പാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ വിധത്തിൽ പ്രതിനിധാനം ചെയ്യുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - II

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ | |
| 3. | ബാലൻസ് ഷീറ്റ് | |

.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ